## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.102** 08.06.2015 ന് മറുപടിയ്ക്ക്

## നീര ടോഡി ബോർഡ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,, എം.എ. വാഹിദ്<br>,, ലൂഡി ലൂയിസ്<br>,, ഹൈബി ഈഡൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീരയുടെ ഉത്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി 10 അംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മിറ്റി 2013 മെയ് മാസത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ റ്റോഡി -നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, തുടർന്ന് നികുതി വകുപ്പ് സെക്രട്ടറി തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥഅനുദ്യോഗ സ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് ശുപാർശ സമർപ്പിച്ചെങ്കിലും തെങ്ങു കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർ |

| | | | |
|---|---|---|---|
| | | | മാനായും , എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് സർക്കാർ രൂപീകരിക്കുകയുണ്ടായി.<br>എന്നാൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.05.2015 ന് കൂടിയ ഉന്നതതല യോഗത്തിൽ ടി ബോർഡിനെ നിലവിലുള്ള ഉദ്ദേശ ലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡ് എന്ന് നാമകരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.05.2015 ന് കൂടിയ ഉന്നതതല യോഗത്തിൽ നീരാ ബോർഡ് രൂപീകരിച്ച് ആയത് കൃഷി വകുപ്പന്റെ കീഴിൽ നിലനിർത്താൻ തത്ത്വത്തിൽ തീരുമാനിച്ചുവെങ്കിലും പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**